**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 821** **24-02-2022 - ൽ മറുപടിയ്ക്ക്**

**പ്രളയത്തിൽ വീട്ടും സ്ഥലവും നഷ്ടപ്പെട്ട പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിൽ വീട്ടും സ്ഥലവും നഷ്ടപ്പെട്ട എത്ര പട്ടിക വർഗ്ഗ കുടുംബങ്ങൾക്കാണ് ധനസഹായം ലഭിച്ചത് ; | (എ) | പ്രളയത്തിൽ വീട്ടും സ്ഥലവും നഷ്ടപ്പെട്ട 77 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | മാനന്തവാടി മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് പുതിയ സ്ഥലവും വീട്ടും പ്രസ്തുത പദ്ധതിയിലൂടെ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) | പ്രളയത്തിൽ വീട്ടും സ്ഥലവും നഷ്ടപ്പെട്ട 77 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് എൻ.ഐ.ടി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ധ സമിതി എന്നിവർ പരിശോധിച്ച് മാറ്റി പാർപ്പിക്കുന്നതിന് ശുപാർശ ചെയ്തവരിൽ 171 പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റവും കൂടുതൽ എത്ര അളവ് സ്ഥലം വാങ്ങിയെന്നും ഏറ്റവും കുറവ് എത്ര അളവ് സ്ഥലം വാങ്ങിയെന്നും വ്യക്തമാക്കാമോ ? | (സി) | ഏറ്റവും കൂടുതൽ ഭൂമി വാങ്ങി നൽകിയത് - 29.5 സെന്റ് ഏറ്റവും കുറവ് ഭൂമി വാങ്ങി നൽകിയത് - 10 സെന്റ് |

സെക്ഷൻ ഓഫീസർ